# കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ കുടിശിക നിവാരണ പദ്ധതി - (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി )- ആശ്വാസ് 2026

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ 2026-27 വർഷത്തെ കുടിശ്ശിക നിവാരണ കർമ്മ പദ്ധതിയുടെ ഭാഗമായി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ കുടിശിക ശതമാനം കുറച്ചു കൊണ്ടുവരുന്നതിനും നിഷ്ക്രിയ ആസ്തി കുറച്ചു കൊണ്ടു വരുന്നതിനുമായി കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ആശ്വാസ് 2026) നടപ്പിലാക്കുവാൻ തീരുമാനിച്ചു.

## I. പദ്ധതിയുടെ കാലാവധി

ഒറ്റതവണ തീർപ്പാക്കൽ പദ്ധതിക്കായി സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുള്ള കാലയളവിൽ മാത്രമായിരിക്കും OTS പദ്ധതി നിലവിൽ ഉണ്ടാകുക.

## II. പദ്ധതി ബാധകമാകുന്ന വായ്പകൾ

a. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ വഴി വിതരണം ചെയ്ത 31.03.2026 തീയതി വരെ കുടിശികയായ സ്വർണ വായ്പ (Gold Loan) ഒഴികെയുള്ള മറ്റെല്ലാ വായ്പകൾക്കും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭ്യമാകുന്നതായിരിക്കും. എന്നാൽ വായ്പ എടുത്തു ഒരു വർഷം കഴിഞ്ഞ വായ്പകൾക്കു മാത്രമേ ഈ പദ്ധതി ബാധകം ആകുകയുള്ളൂ. Cash Credit വായ്പയിലെ മുതൽ പലിശ ബാക്കി നിൽപ്പ് കണക്കാക്കുന്നത് സംബന്ധിച്ച് വായ്പാ ഉപനിബന്ധന വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.

b. ഏതെങ്കിലും നീതി ന്യായ കോടതിയുടെ പരിഗണനയിലിരിക്കുന്ന വായ്പകൾ, ഉഭയകക്ഷി സമ്മത പ്രകാരം തീർപ്പ് കല്പിക്കണമെങ്കിൽ, ടി വായ്പാ കണക്കുകളും ഈ പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്താവുന്നതാണ്. അപ്രകാരം തീർപ്പാക്കിയ വിവരം കോടതിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

c. കൂടുതൽ കാലപ്പഴക്കമുള്ള ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതും പരമാവധി തീർപ്പാക്കേണ്ടതുമാണ്. ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപെടുത്തേണ്ടത് സെയിൽ ഓഫീസറുടെ ചുമതലയാണ്. ഏതെങ്കിലും കാരണവശാൽ ഫയലുകൾ ഉൾപ്പെടുത്തിയിട്ടില്ലെന്നു പിന്നീട് ശ്രദ്ധയിൽ പെടുന്ന പക്ഷം ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ 'Revenue Recovery' കളിൽ ഉൾപ്പെട്ട വായ്പകൾക്കും ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

K.S.C.A.R.D BANK LTD H.O. TRIVANDRUM

III. <u>പദ്ധതിയുടെ പ്രവർത്തന രീതി</u>

a. മുകളിൽ നിർദ്ദേശിച്ചിട്ടുള്ള തീയതി വരെ (31/03/2026) കുടിശ്ശികയായിട്ടുള്ള വായ്പ്പകളിൽ ഖണ്ഡിക V(e) പ്രകാരമുള്ള കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി പിഴ പലിശയും മറ്റ് അനാമത്ത് ചെലവുകളും പൂർണ്ണമായും ഒഴിവാക്കി കുടിശ്ശികയായ ദിവസം മുതൽ താഴെ പറയുന്ന പലിശ ഇളവോടു കൂടി മുതലും പലിശയും ഒന്നിച്ചടച്ച് വായ്പ്പ ക്രമപ്പെടുത്താവുന്നതാണ്.
   i. 12% വരെ പലിശ നിരക്കുള്ള വായ്പ്പകൾക്ക് ജനിച്ച പലിശത്തുകയുടെ 8% ഇളവ്
   ii. 12% നു മുകളിൽ പലിശ നിരക്കുള്ള വായ്പ്പകൾക്ക് ജനിച്ച പലിശത്തുകയുടെ 10 % ഇളവ്
   iii. 14% നു മുകളിൽ പലിശ നിരക്കുള്ള വായ്പ്പകൾക്ക് ജനിച്ച പലിശത്തുകയുടെ 12 % ഇളവ്

b. കുടിശ്ശികയായ LTRCF വായ്പകൾ മുഴുവൻ പിഴപലിശയും മറ്റു അനാമത്ത് ചെലവുകളും ഒഴിവാക്കി മുതലും പലിശയും ഒന്നിച്ചടച്ച് വായ്പ ക്രമീകരിക്കാവുന്നതാണ്. കുടിശ്ശികയായ LTRCF വായ്പകൾക്ക് ഖണ്ഡിക III (a) (i) (ii) (iii) പ്രകാരമുള്ള പലിശ ഇളവ് ബാധകമായിരിക്കുന്നതല്ല.

c. ഖണ്ഡിക III (a) (i) (ii) (iii) പ്രകാരം ഒരു വായ്പ്പക്കാരന്റെ (Gold Loan ഒഴികെയുള്ള ) എല്ലാ വായ്പ്പകളും ഉൾപ്പെടെ ഈ പദ്ധതി പ്രകാരം നൽകാവുന്ന പരമാവധി ആനുകൂല്യം 200000/- (രണ്ടു ലക്ഷം രൂപ) ആയിരിക്കും. എന്നാൽ മരണമടഞ്ഞ/ഖണ്ഡിക V(a) യിൽ പരാമർശിക്കുന്ന മാറാരോഗം ബാധിച്ച വായ്പ്പാക്കാരുടെ വായ്പ്പകളിന്മേൽ ഈ പദ്ധതി പ്രകാരം നൽകാവുന്ന പരമാവധി ആനുകൂല്യം 300000/- ( മൂന്ന് ലക്ഷം രൂപ ) ആയിരിക്കും.

d. മുൻ കാലങ്ങളിൽ ഇത്തരം പദ്ധതികളിൽ പെടുത്തി ആയതു വരെയുള്ള കുടിശ്ശിക മുതലും പലിശയും ഇളവുകളോട് കൂടി അടച്ചു തീർക്കുകയും ആയതിനു ശേഷം വീണ്ടും ക്രമമായി അടക്കാതിരിക്കുന്ന സാഹചര്യം നിലവിൽ ഉണ്ടായാൽ നേരത്തെ ഈ പദ്ധതി പ്രകാരം നൽകിയ OTS കിഴിച്ചു ബാക്കി ആനുകൂല്യം (Clause III (a) (i) (ii) (iii) & III(c) പ്രകാരം പരിമിതപ്പെടുത്തിയത്) ലഭിക്കുന്നതിന് അർഹരായിരിക്കും.

e. ഈ പദ്ധതി നടപ്പിലാക്കുന്നത് മൂലം ഖണ്ഡിക III(c) പ്രകാരം പ്രാഥമിക ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടത്തിന്റെ 60% കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് വഹിക്കുന്നതാണ്.

f. കാലാവധി കഴിഞ്ഞ ഹ്രസ്വകാല വായ്പകൾക്ക് നിൽപ്പ് മുതലും, 75 % പലിശയും അടച്ചാൽ വായ്പ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

g. എന്നാൽ കാലാവധി കഴിഞ്ഞ കാർഷിക കാർഷികേതര വായ്പ, അനുവദിച്ച തുക 100,000/- രൂപയോ അതിനു താഴയോ ആണെങ്കിൽ, മുതലും, പലിശ തുകയുടെ 25% ഉം അടച്ചു കടം കണക്കവസാനിപ്പിക്കാവുന്നതാണ്.

K.S.C.A.R.D BANK LTD. H.O. TRIVANDRUM

h. എന്നാൽ കാലാവധി കഴിഞ്ഞ വായ്പകളിൽ അനുവദിച്ച തുക 100000/- രൂപയോ അതിനു താഴയോ ആണെങ്കിൽ ബാക്കി നിൽപ്പ് തുക 25000/- രൂപയോ അതിനു താഴയോ ആണെങ്കിൽ മുതൽ മാത്രം അടച്ചു കടം കണക്കവസാനിപ്പിക്കാവുന്നതാണ്. ഇപ്രകാരം അനുവദിക്കുന്ന ആനുകൂല്യം ഒരു വ്യക്തിയുടെ പരമാവധി 2 വായ്പ്പകൾക്ക് മാത്രമേ ലഭിക്കുകയുള്ളു.

i. പ്രാഥമിക ബാങ്കുകൾ ലേലത്തിൽ പിടിച്ച ലേല വസ്തു യഥാർത്ഥ വായ്പ്പക്കാരൻ ലേല സംഖ്യയോടൊപ്പം 5% പലിശ (ലേലം പിടിച്ച തീയതി മുതൽ അടക്കുന്ന തീയതി വരെ) അടക്കുകയാണെങ്കിൽ ജില്ലാ ജോയിന്റ് രജിസ്ട്രാറുടെ അനുവാദത്തോടുകൂടി ടി വസ്തു ടിയാന് തിരികെ നൽകാവുന്നതാണ്.

IV a. വ്യാപാര വായ്പ (Traders Loan)

കാലാവധി കഴിഞ്ഞ വ്യാപാര വായ്പകളിൽ, മുതൽ തുക അടച്ചു കണക്ക് ഈ പദ്ധതി പ്രകാരം അവസാനിപ്പിക്കാവുന്നതാണ്. എന്നാൽ കേന്ദ്രബാങ്കിന്റെ വിഹിതം ഖണ്ഡിക III(e) പ്രകാരം പരിമിതപ്പെടുത്തിയിരിക്കുന്നു.

b. JLG

കാലാവധി കഴിഞ്ഞ JLG വായ്പകളിൽ മുതൽ തുക അടച്ചു ഈ പദ്ധതി പ്രകാരം കണക്ക് അവസാനിപ്പിക്കാവുന്നതാണ്. എന്നാൽ കേന്ദ്ര ബാങ്കിന്റെ വിഹിതം ഖണ്ഡിക III(e) പ്രകാരം പരിമിതപ്പെടുത്തിയിക്കുന്നു.

V a . മരണമടഞ്ഞവരുടെയും വായ്പ എടുത്തതിനു ശേഷം കാൻസർ, ഹൃദ്രോഗം, തളർവാതം, കിഡ്നി സംബന്ധമായ അസുഖങ്ങൾ, മാനസികരോഗം, അപകടങ്ങൾ മൂലം ഉണ്ടാകുന്ന പൂർണ ശാരീരിക വൈകല്യം എന്നിങ്ങനെ മാറാരോഗം ബാധിച്ചവരുടെയും വായ്പകൾ ആ കുടുംബത്തിലെ ആശ്രിതർ ഈ പദ്ധതി കാലയളവിൽ വായ്പ്പ തിരിച്ചടക്കുകയാണെങ്കിൽ റിസ്ക് ഫണ്ട് അനൂകൂല്യം ലഭിക്കുന്ന തുക കഴിച്ച് ബാക്കി നിൽപ്പ് വായ്പ്പയുടെ പലിശ തുക ഖണ്ഡിക III (a) (i) (ii) (iii) പറഞ്ഞ പ്രകാരം മരണപ്പെട്ട /മാറാരോഗം പിടിപ്പെട്ട തീയതി വരെ കണക്കാക്കി കടം അവസാനിപ്പിക്കാവുന്നതാണ്. റിസ്ക് ഫണ്ട് അനൂകൂല്യം ലഭിക്കാത്തവർക്ക് ദുരന്തം സംഭവിച്ച ദിവസം വരെയുള്ള പലിശ തുകയുടെ 50% മുതലിനൊപ്പം ഒന്നിച്ചടച്ചു കടം കണക്കവസാനിപ്പിക്കാവുന്നതാണ്. എന്നാൽ മരണമടഞ്ഞ/മാറാരോഗം പിടിപെട്ട വായ്പക്കാർക്ക് നൽകാവുന്ന പരമാവധി അനൂകൂല്യം ഖണ്ഡിക III (c) ൽ പരാമർശിച്ച പ്രകാരം 300000 (മൂന്ന് ലക്ഷം രൂപ) യായി നിജപ്പെടുത്തിയിരിക്കുന്നു

b. വായ്പ്പ എടുത്തതിനു ശേഷം വായ്പ്പക്കാരന്റെ ആശ്രിതർക്ക് (ആശ്രിതൻ വായ്പ്പയിൽ കക്ഷിയായിരിക്കണം) ഖണ്ഡിക V (a) ൽ പറഞ്ഞ പ്രകാരം ഉള്ള അസുഖങ്ങൾ മൂലം പൂർണ

K.S.C.A.R.D BANK LTD. H.O. TRIVANDRUM

ശാരീരിക വൈകല്യം /മരണം സംഭവിച്ചത് കാരണം വായ്പ കുടിശ്ശിക ആയാൽ മുതലും പലിശ തുകയുടെ 50% വും അടച്ചു വായ്പ്പാ കണക്ക് തീർപ്പാക്കാവുന്നതാണ്.

c. ഖണ്ഡിക V (a) & (b) എന്നിവയിൽ പറഞ്ഞിട്ടുള്ള ആനുകൂല്യം നൽകുന്ന വായ്പകളിന്മേൽ 31.03.2026 തിയ്യതി വരെയുള്ള പലിശ കണക്കാക്കി ആ നഷ്ടത്തിന്റെ 60 % (പരമാവധി ഖണ്ഡിക 3 (e) പ്രകാരം) മാത്രമേ കേരള സംസഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിൽ നിന്നും ലഭിക്കുകയുള്ളു.

d. ഇപ്രകാരം ആനുകൂല്യം ലഭിക്കുവാൻ വായ്പക്കാരൻ അല്ലെങ്കിൽ ആശ്രിതർ മരണ സർട്ടിഫിക്കറ്റ് /രോഗചികിത്സയുടെ വിശദമായ ഡോക്ടർ സർട്ടിഫിക്കറ്റ് /ശാരീരിക വൈകല്യം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ അതാത് പ്രാഥമിക ബാങ്കുകളുടെ അദാലത്തു കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

e. മേൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക ബാങ്ക് വായ്പകൾ തീർപ്പു കല്പിക്കുകയാണെങ്കിൽ അപ്രകാരമുള്ള വായ്പകൾ കാർഷിക ബാങ്ക് തലത്തിൽ റീജിയണൽ മാനേജർ, പ്രാഥമിക ബാങ്ക് പ്രസിഡന്റ്/സെക്രട്ടറി, വാലുവേഷൻ ഓഫീസർ/ഓഡിറ്റർ, അഗ്രികൾച്ചറൽ ഓഫീസർ എന്നിവർ ഉൾകൊള്ളുന്ന ഒരു കമ്മിറ്റി ബന്ധപ്പെട്ട രേഖകൾ ഉൾപെടെ പരിശോധന നടത്തി ബോധ്യപ്പെടേണ്ടതാണ്. ഇത്തരം കേസുകൾ ആവശ്യമെങ്കിൽ നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചു പ്രാഥമിക ബാങ്കുകൾക്ക് പുതിയ വായ്പ അനുവദിക്കാവുന്നതാണ്.

VI. 25 വർഷങ്ങൾക്ക് മുൻപ് അനുവദിച്ച കാർഷിക കാർഷികേതര വായ്പയെടുത്ത വായ്പ്പക്കാർക്ക് നിലവിൽ പലിശനിരക്ക് എത്ര തന്നെ ആയിരുന്നാലും പിഴ പലിശയും മറ്റും അനാമത്തു ചെലവുകളും ഒഴിവാക്കി കുടിശ്ശികയായ തിയ്യതി മുതൽ 8 % പലിശ നിരക്കിൽ അടച്ചു കടം കണക്കവസാനിപ്പിക്കാവുന്നതാണ്. ഇപ്രകാരമുള്ള വായ്പകളും ഖണ്ഡിക III (c) ന്റെ പരിധിക്ക് വിധേയമായിരിക്കും

VII. കുടിശ്ശികയായിരുന്ന വായ്പകൾ ഒറ്റതവണ തീർപ്പാക്കൽ പദ്ധതിയിൽ അടച്ചു തീർക്കുന്ന വായ്പക്കാർക്ക് ആവശ്യമെങ്കിൽ നിയമാനുസ്യത നടപടി ക്രമങ്ങൾ പാലിച്ചു പുതിയ വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം നൽകുന്ന വായ്പ നിലവിലുള്ള വായ്പാ തുകയേക്കാൾ അധികരിക്കരിക്കാൻ പാടുള്ളതല്ല.

<u>VIII. അപേക്ഷിക്കേണ്ട വിധം</u>

1. ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് കുടിശികക്കാർ അതാതു പ്രാഥമിക ബാങ്കുകളിൽ നേരിട്ട് ബന്ധപ്പെട്ട തെളിവുകൾ സഹിതം അപേക്ഷ നൽകേണ്ടതാണ്.

K.S.C.A.R.D BANK LTD
H.O
TRIVANDRUM

2. സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിന്റെയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെയും ഭരണ സമിതിയുടെ അംഗീകാരത്തോടെ ഈ പദ്ധതി നടപ്പിലാക്കേണ്ടതാണ്. .

3. ഈ പദ്ധതി പ്രകാരം തീർപ്പാക്കാവുന്ന വായ്പയുടെ എല്ലാ വിവരങ്ങളും അടങ്ങുന്ന രജിസ്റ്റർ എല്ലാ പ്രാഥമിക ബാങ്കുകളും സൂക്ഷിക്കേണ്ടതാണ്.

4. ഈ പദ്ധതിക്ക് ആവശ്യമായ പ്രചാരം ലഭിക്കുന്നതിന് വേണ്ടി വായ്പ്പക്കാരുടെയും പൊതുജനങ്ങളുടെയും ശ്രദ്ധ ആകർഷിക്കത്തക്ക വിധത്തിലുള്ള പരസ്യ പ്രചാരണ നടപടികൾ കേന്ദ്രബാങ്കും പ്രാഥമിക ബാങ്കുകളും അടിയന്തരമായി സ്വീകരിക്കേണ്ടതാണ് .

5. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ മേൽ വിവരിച്ച I മുതൽ VII വരെയുള്ള ഖണ്ഡികകൾ മുഖേനയുള്ള ആനുകൂല്യങ്ങൾ നൽകുന്നത് വഴി പ്രാഥമിക ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടത്തിന്റെ കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിന്റെ വിഹിതം ഖണ്ഡിക III(e) പ്രകാരം പരിമിതപ്പെടുത്തിയിരിക്കുന്നു.

6. ഇപ്രകാരം ലഭിക്കുന്ന കണക്കുകൾ മാസാവസാനം പരിശോധിച്ച് ബോധ്യപ്പെട്ട് വേണ്ട ശുപാർശയോടെ റീജിയണൽ മാനേജർമാർ അടുത്ത മാസം 15 ആം തിയ്യതിക്കകം നിശ്ചിത പ്രൊഫോർമയിൽ കേന്ദ്ര ബാങ്കിന് സമർപ്പിക്കേണ്ടതാണ്.

7. പ്രാഥമിക ബാങ്കുകൾ 31.03.2026 ലെ കുടിശ്ശിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തി ഭരണ സമിതിയുടെ അംഗീകാരത്തോടു കൂടി അതാത് റീജിയണൽ മാനേജർമാർക്ക് സമർപ്പിക്കേണ്ടതാണ്. തുടർന്ന് ഓരോ 15 ആം തീയ്യതിയും 30 ആം തീയതിയും വായ്പ്പാ കുടിശിക പുരോഗതി വിലയിരുത്തുന്ന സ്റ്റേറ്റ്മെന്റുകൾ മേൽ പറഞ്ഞ പ്രകാരം സമർപ്പിക്കേണ്ടതാണ്.

8. ഈ പദ്ധതി പ്രകാരം ഒരു വായ്പ്പക്കാരന്റെ ഗോൾഡ് ലോൺ ഒഴികെയുള്ള എല്ലാ വായ്പകളും ഉൾപ്പെടെ നൽകാവുന്ന പരമാവധി ഇളവ് 2 ലക്ഷം രൂപയായും ,മരണമടഞ്ഞ /മാറാരോഗം പിടിപെട്ട വായ്പ്പക്കാർക്ക് 3 ലക്ഷം രൂപയായും നിജപ്പെടുത്തിയിരിക്കുന്നു. എന്നാൽ യുക്തമായ കേസുകളിൽ പ്രാഥമിക ബാങ്കുകൾ കൂടുതൽ ഇളവുകൾ നൽകി ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്. അപ്രകാരമുണ്ടാകുന്ന അധിക ബാധ്യത കേന്ദ്ര ബാങ്ക് വഹിക്കുന്നതല്ല. അപ്രകാരമുള്ള കേസുകൾ പ്രാഥമിക ബാങ്ക് പ്രേത്യേക പദ്ധതി തയ്യാറാക്കി അതാതു ജോയിന്റ് രജിസ്ട്രാറുടെ അനുവാദത്തോടു കൂടി നടപ്പാക്കേണ്ടതാണ്.

9. ഈ പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള പൂർണ അവകാശം ബഹു: സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടെ സംസഥാന സഹകരണ കാർഷിക വികസന ബാങ്കിന്റെ ഭരണ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

കൺവീനർ
(അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്കു വേണ്ടി)

K.S.C.A.R.D BANK LTD. H.O. TRIVANDRUM

**Adv. C K SHAJIMOHAN**
**CONVENOR**
**Administrative Committee**
**KSCARD BANK**